(ബി) ഓരോ പഞ്ചായത്തു തലത്തിലും നിലവിലുള്ള കൃഷിഭവൻ അഗ്രിക്കൾച്ചറൽ ഓഫീസർക്കാണ് ആ പഞ്ചായത്തിലെ കീടനാശിനി ഇൻസ്പെക്ടറുടെ ചുമതല. കൃഷിഭവൻ ഓഫീസറുടെ നിർദ്ദേശവും കുറിപ്പടിയും അനുസരിച്ച് മാത്രം കീടനാശിനി വിൽപ്പന നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 22/2011/കൃഷി തീയതി 17-1-2011 പ്രകാരം നൽകിയിട്ടുണ്ട്.

(സി) കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനി വിൽപ്പന നടത്തുവാൻ പാടുള്ളൂ എന്നുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്കും കീടനാശിനി ഡിപ്പോ ഡീലർമാർക്കും കാർഷികമേഖലയുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിനെപ്പറ്റി കർഷകർക്കും കർഷക തൊഴിലാളികൾക്കും കീടനാശിനി വിൽപ്പന നടത്തുന്നവർക്കും നോട്ടീസ് വിതരണം നടത്തിയും പോസ്റ്ററുകൾ പ്രദർശിപ്പിച്ചും ബോധവൽക്കരണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

കാർഷിക സർവ്വകലാശാല നടപ്പിലാക്കിയ പുതിയ പദ്ധതികൾ

259 (1231) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാല ആഭ്യന്തരവരുമാനം വർദ്ധിപ്പിക്കാനായി പുതിയ ഉൽപ്പാദനപരമായ പ്രവർത്തനങ്ങളിൽ ഊന്നൽ നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ വ്യാവസായികാടിസ്ഥാനത്തിൽ കുപ്പിവെള്ളനിർമ്മാണം നടത്തണമെന്ന് നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ അർപ്പിത ചുമതലകൾക്കു പുറമേ സർവ്വകലാശാലയുടെ കൃഷി സ്ഥലങ്ങളും (ഗവേഷണത്തിനും പരിശീലനത്തിനും ആവശ്യമായ സ്ഥലം ഒഴികെ) വിഭവങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തി ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- വിത്തുകൾ, നടീൽ വസ്തുക്കൾ, മീൻ കുഞ്ഞുങ്ങൾ, കന്നുകുട്ടികൾ, കോഴിക്കുഞ്ഞുങ്ങൾ എന്നിവയുടെ ഉല്പാദനവും വിപണനവും

LIBRARY ARCHIVES Kerala Legislative Assembly

- ജൈവകീടനാശിനികൾ, ജൈവ വളങ്ങൾ, കുമ്മ എന്നിവയുടെ ഉല്പാദനവും വിപണനവും
- ഫാം ഉല്പന്നങ്ങളുടെ സംസ്കരണവും വൈവിദ്ധ്യവൽക്കരണവും വിപണനവും സൂപ്പർമാർക്കറ്റിന്റെ രൂപീകരണവും
- മേളകൾ, എക്സിബിഷനുകൾ
- ഫാം ടൂറിസം
- ഫാമുകളിലെ പ്രായമേറിയ മരങ്ങളുടെ വീൽപ്പന, പ്രായമേറിയ മരങ്ങൾ വിൽക്കുന്നതിനു മുന്നോടിയായി വർഷം തോറും പുതിയ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ.
- സാങ്കേതിക വിദ്യ കൈമാറൽ, കൺസൾട്ടൻസി അനുബന്ധ മേഖലകൾ.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

260 (1232) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കർഷകർക്ക് എന്തെല്ലാം ഗുണങ്ങളാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി കർഷക ഉല്പന്നങ്ങൾ മാർക്കറ്റ് ചെലവിൽ മാർക്കറ്റിൽ കൊണ്ടു വന്ന് ലേലം നടത്തി ലേലത്തിൽ ലഭിക്കുന്ന നല്ല വില കർഷകർക്ക് ലഭിക്കുന്ന തരത്തിലുള്ള മാർക്കറ്റ് ശാക്തീകരണം എന്ന പദ്ധതി നടപ്പിലാക്കി. ലേലത്തിൽ വില്പന നടന്നില്ലായെങ്കിൽ ഹോർട്ടികോർപ്പ് ഈ ഉല്പന്നങ്ങൾ എടുത്ത് അവരുടെ ശൃംഖല വഴി വിപണനം നടത്തുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 27.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ വില അപ്പോൾ തന്നെ കർഷകർക്ക് നൽകാൻ സാധിക്കുന്നുണ്ട്. മാർക്കറ്റ് ഫണ്ട് ഉപയോഗിച്ച് 8.5 ഏക്കർ സ്ഥലത്ത് ഒരു ഷോപ്പ് മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിന്റെ വരുമാനം കൂട്ടാൻ പാട്ട കൃഷി നടപ്പിലാക്കുന്നുണ്ട്.

(ബി) മാർക്കറ്റ് ശാക്തീകരണ പദ്ധതി നടപ്പിലാക്കിയതുകൊണ്ട് കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുവാൻ കഴിഞ്ഞു. കൂടാതെ ഇടത്തരക്കാരുടെയും കച്ചവടക്കാരുടെയും ചൂഷണത്തിൽ നിന്ന് അവരെ വിമുക്തമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഉല്പന്നങ്ങളുടെ വില അപ്പോൾ തന്നെ കർഷകർക്ക് ലഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പന്നങ്ങൾ മാർക്കറ്റ് ചെലവിൽ ലേല സ്ഥലത്ത് എത്തിക്കുന്നതു കൊണ്ട് ട്രാൻസ്പോർട്ടിംഗ് ഇനത്തിൽ കർഷകർക്ക് തുക നഷ്ടം ആകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly